ഉത്തരം

(എ&ബി) ഉണ്ട്. 1999-2000 അദ്ധ്യയന വർഷത്തിൽ ആരംഭിക്കാനാണു ദ്ദേശിക്കുന്നത്.

കണ്ണൂർ എഞ്ചിനീയറിംഗ് കോളേജിൽ പുതിയ കോഴ്സുകൾ

69 (852) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ എം.സി.എ, എം.ബി.എ. കോഴ്സുകൾ തുടങ്ങണം എന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിൻമേൽ എന്തു തീരുമാനമെടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചു വരുന്നു.

പൊതുമേഖലയിലും സ്വകാര്യ മേഖലയിലും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

70 (853) ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിലും സ്വകാര്യമേഖലയിലും ആരംഭിച്ച സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതെല്ലാം;

(ബി) നിലവിലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി കേരളത്തിൽ ഈ മേഖലയിൽ വിദ്യാഭ്യാസം ആഗ്രഹിക്കുന്ന മുഴുവൻ കുട്ടികൾക്കും പഠന സൗകര്യം ഉണ്ടാക്കി കൊടുക്കാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ ഇത് പരിശോധിക്കുന്നതിന് എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) സാങ്കേതിക വിദ്യാഭ്യാസരംഗത്തിന്റെ പ്രോത്സാഹനത്തിനായി ഇതുവരെ എത്ര സ്വാശ്രയ കോളേജുകൾക്ക് അനുമതി കൊടുത്തിട്ടുണ്ട്; ഇനി എത്ര എണ്ണം കൂടി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്; എവിടെയെല്ലാം?

ഉത്തരം

(എ) പൊതുമേഖലയിൽ തൃക്കരിപ്പൂർ, കുമിളി, വെച്ചൂച്ചിറ, പുനലൂർ എന്നീ സ്ഥലങ്ങളിൽ 1998-99 അദ്ധ്യയന വർഷത്തിലും, നെടുമങ്ങാട്, കടുത്തുരുത്തി, നെടുംകണ്ടം, ചേലക്കര, മേപ്പാടി എന്നീ സ്ഥലങ്ങളിൽ 1999-2000 അദ്ധ്യയന വർഷത്തിലും പോളിടെക്നിക്കുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ തൃശ്ശൂർ, മാവേലിക്കര എന്നീ സ്ഥലങ്ങളിലെ ഫൈൻ ആർട്സ് ഇൻസ്റ്റിറ്റ്യൂട്ടുകൾ 1999-2000 അദ്ധ്യയനവർഷം മുതൽ ഫൈൻ ആർട്സ് കോളേജുകളായി

LIBRARY ARCHIVES Kerala Legislative Assembly